## സംസ്ഥാന സ്കൂൾ കലോത്സവം

# ശ്രുതിമധുരം നാട്യസുന്ദരം

# കൊല്ലത്ത് തീപാറുന്ന പോരാട്ടം

**ജോൺസൺ വേങ്ങത്തടം**

**കൊല്ലം:** കേരള സ്കൂൾ കലോത്സവത്തിൽ മുൻ കീരിടാവകാശി കോഴിക്കോടും തൃശൂരും കണ്ണൂരും തമ്മിൽ തീപാറുന്ന പോരാട്ടം. ആദ്യദിനത്തിൽ ആരംഭിച്ച പോരാട്ടവീര്യം ചരിത്രമുറങ്ങുന്ന കൊല്ലത്ത് ആവേശമായി ഉയരുകയാണ്. ആര് കിരീടത്തിൽ മുത്തമിടുമെന്നു പോലും പറയാൻ കഴിയാത്ത ആവേശമായ അന്തരീക്ഷത്തിന്റെ ചൂടിലാണ് മത്സരങ്ങൾ അരങ്ങേറുന്നത്. കോഴിക്കോട് 212 പോയിന്റുമായി മുന്നേറുമ്പോൾ തൊട്ടുപിന്നിൽ തോൽക്കാൻ മനസില്ലാതെ തൃശൂരും കണ്ണൂരും ഒപ്പത്തിനൊപ്പമുണ്ടെന്നാണ് മത്സരച്ചൂട് വർധിപ്പിക്കുന്നത്. 210 പോയിന്റുവീതം നേടിയാണ് തൃശൂരും കണ്ണൂരും നിൽക്കുന്നത്. മലപ്പുറം 203 പോയിന്റുമായി നാലാം സ്ഥാനത്തും പാലക്കാട് 202 പോയിന്റുമായി അഞ്ചാം സ്ഥാനത്തുമുണ്ട്.

സ്കൂളുകളിൽ പാലക്കാടൻ പെരുമയാണ് കാണുന്നത്. ആലത്തൂർ ബിഎസ്എസ് ഗുരുകുലം സെക്കണ്ടറി സ്കൂൾ 46 പോയിന്റുമായി സ്കൂൾ ഇനത്തിൽ മുന്നേറുന്നു. പത്തനംതിട്ടയിലെ കിടങ്ങൂർ എസ് വിജി വിഎച്ച്എസ് 43 പോയിന്റുമായി രണ്ടാംസ്ഥാനത്തും ആലപ്പുഴ മാന്നാർ എൻഎസ് ബോയ്സ് എച്ച്എസ്എസ് 33 പോയിന്റുമായി മൂന്നാം സ്ഥാനത്തും നിൽക്കുന്നു.

കലോത്സവത്തിന്റെ രണ്ടാം ദിനമായ ഇന്ന് ജനപ്രിയ ഇനങ്ങൾ വേദിയിലെത്തും. ഹൈസ്കൂൾ വിഭാഗം ഒപ്പനയും നാടോടിനൃത്തവും വേദിയിലെത്തും. ആദ്യദിനത്തിൽ തന്നെ കലോത്സവത്തിൽ വലിയ ജനപങ്കാളിത്തമാണുണ്ടായത്. രണ്ടാം ദിനമായ ഇന്ന് ജനപ്രിയ ഇനങ്ങൾ വേദിയിലെത്തുന്നതോടെ പോരാട്ടം കൂടുതൽ കനക്കുമെന്നുറപ്പാണ്. ഇതോടൊപ്പം ജനപങ്കാളിത്തവും ഏറും.മോഹിനിയാട്ടവും കുച്ചുപ്പുടിയും മാർഗംകളിയും ഒപ്പനയും അരങ്ങുതകർക്കും . ആസ്വാദകരെ ആകർഷിക്കാൻ കുട്ടികളുടെ നാടകമത്സരവും കൊല്ലത്തിന്റെ മണ്ണിൽ പുതുചരിത്രമെഴുതും. കലോത്സവ നഗരിയിൽ വിദ്യാർത്ഥികൾക്കായി വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. കൊല്ലം ആശ്രാമം മൈതാനത്താണ് പ്രധാന വേദി. കാര്യമായ പരാതികളില്ലാതെയാണ് ആദ്യദിനം പൂർത്തിയായത്.

## പൊള്ളുന്ന വെയിലിൽ ആശ്വാസം പകർന്നു തണ്ണീർ കൂജകൾ

**കൊല്ലം:** പകൽച്ചൂടിൽ ഉരുകിയെത്തുന്ന കലാപ്രേമികൾക്കും മത്സരാർഥികൾക്കും ആശ്വാസം പകർന്ന് കലോത്സവ വേദികളിലെ തണ്ണീർ കൂജകൾ. എല്ലാ വേദികളിലും കുടിവെള്ളം പകർന്നു നൽകാൻ പ്ലാസ്റ്റിക് കുപ്പികൾക്കും ഗ്ലാസുകൾക്കും പകരം മൺകൂജകളും മൺ ഗ്ലാസുകളും മാത്രമാണ് ഉപയോഗിക്കുന്നത്. 'തണ്ണീർ കൂജ' എന്ന പദ്ധതിയുടെ ഭാഗമായാണ് മൺപാത്രങ്ങൾ ഒരുക്കിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 500 മൺകൂജകളും 250 മൺ ജഗ്ഗുകളും 31 ഗ്ലാസുകളും കൊല്ലത്ത് എത്തിച്ചിട്ടുണ്ട്. പരിപാടിയിലേക്ക് ആവശ്യമായ മൺപാത്രങ്ങൾ പാലക്കാട് പെരിങ്ങോട്ടുകുറിശ്ശിയിലുള്ള 40 മൺപാത്ര നിർമാണ കേന്ദ്രങ്ങളിൽ നിന്നാണ് എത്തിച്ചത്. പരിസ്ഥിതി സംരക്ഷണത്തിന് പുറമെ ആരോഗ്യ ബോധവത്കരണം കൂടി ലക്ഷ്യം വെച്ചാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് സംഘാടകർ പറയു



മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയ ഗൗരി സുരേഷ്( കൊല്ലം പൂവത്തൂർ ഡിവിഎൻ എസ്എസ് എച്ച്എസ്എസ്)



കഥകളി മത്സരത്തിന് തയാറെടുക്കുന്ന മത്സരാർഥി

**എഴുത്ത്**

ജോൺസൺ വേങ്ങത്തടം
സന്ദീപ് സലിം
ജിബിൻ കുര്യൻ
ഡി.ദിലീപ്

**ചിത്രങ്ങൾ**

ജോൺ മാത്യു
ബ്രില്യൻ ചാൾസ്
ടി.സി.ഷിജുമോൻ
റോണ റിബൈറോ

## ക്ഷണിക്കാത്ത അതിഥിയായി മഴ

**കൊല്ലം:** ഹയർസെക്കണ്ടറി വിഭാഗം സംഘനൃത്തമത്സരത്തിൽ ക്ഷണിക്കാതെ അതിഥിയായി മഴ എത്തി. അപ്രതീക്ഷിത മഴയിൽ വേദി ഒന്നായ ആശ്രാമം മൈതാനം വെള്ളക്കെട്ടിലായി. കാണികൾ ഇരിക്കുന്ന സ്ഥലത്തും വേദിയിലേക്കും പ്രവേശിക്കുന്നിടത്തും പാർക്കിംഗിലും വെള്ളം നിറഞ്ഞതോടെ മണ്ണുമാന്തി യന്ത്രത്തിന്റെ സഹായം തേടേണ്ടി വന്നു. കേവലം പത്തുമിനിറ്റിൽ താഴെ പെയ്ത മഴയിലാണ് പ്രധാനവേദി കുളമായി മാറിയത്.



സംസ്ഥാന കലോത്സവത്തിൽ നൃത്തമത്സരം വീക്ഷിക്കുന്ന മത്സരാർഥി

## ലളിതഗാന വേദിയിലും ടോപ്പ് സിംഗറായി ശ്രീഹരി

**കൊല്ലം :** ഗോദാവരിയുടെ തീരങ്ങളിൽ ഗോമേദക മണി സന്ധ്യകളിൽ ..... കലോത്സവ നഗരിയിലെ പതിനാലാം വേദിയായ സെന്റ് അലോഷ്യസ് എച്ച്എസ്എസിലെ ലളിതഗാന വേദിയിൽ നിന്ന് ഉയർന്ന് കേട്ടപ്പോൾ ആസ്വാദകർ ആ സുപരിചിത ശബ്ദത്തിന് സ്നേഹപൂർവം കാതോർത്തു. പാലക്കാട് കേളശേരി എച്ച് എസ് എസ്ടി യിലെ ഒമ്പതാം ക്ലാസ് വിദ്യാർഥിയായ ശ്രീഹരി പാലക്കാടാണ് ടെലിവിഷൻ ചാനലിലെ ടോപ് സിംഗർ വേദിയിൽ നിന്നെത്തി കലോത്സവ വേദിയിലും മിന്നും താരമായത്. ഫ്ളവേഴ്സ് ചാനലിനിലെ ടോപ് സിംഗർ പരിപാടിയിലെ മെഗാ ഫൈനലിസ്റ്റാണ് ഈ ഗായകൻ. ലളിതഗാനത്തിന് എ ഗ്രേഡ് നേടിയ ശ്രീഹരി സംസ്കൃത ഗാനാലാപന മത്സരത്തിലും പങ്കെടുക്കുന്നുണ്ട്.



ശ്രീഹരി അച്ഛനും അമ്മയ്ക്കും ഒപ്പം കലോത്സവ വേദിയിൽ

പാലക്കാട് കേളശേരി ചാത്തചിറയിൽ വാദ്യകലാകാരനായ മണികണ്ഠനാണ് പിതാവ്. ഗായികയായ ശോഭനകുമാരി ആണ് അമ്മ. കേരള കലാമണ്ഡലം വിദ്യാർത്ഥി ശ്രീറാം സഹോദരനുമാണ്.

ഒൻപതിന് ഡൽഹിയിൽ നടക്കുന്ന നാടൻ പാട്ടുകളുടെ കലാ ഉത്സവിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാനുള്ള തയ്യാറെടുപ്പിലാണ് കലാഭവൻ മണിയുടെ കടുത്ത ആരാധകനായ ഈ കൊച്ചു ഗായകൻ.